ഉത്തരം

(എ&ബി) പയ്യാവൂർ-കുന്നത്തൂർപാടി-കാഞ്ഞിരക്കൊല്ലി റോഡിന്റെ അവസാന റീച്ചായ കിലോമീറ്റർ 11/00 മുതൽ 15/200 വരെയുള്ള ഭാഗത്തിന് 1-7-1996-ലെ ജി.ഒ.(ആർറ്റി)1109/96/പൊമവ. പ്രകാരം 49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റോഡ് പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിച്ചതിനാൽ 95 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയതിനുശേഷം പണി പൂർത്തിയാക്കുന്നതാണ്.

റോഡുകളും പാലങ്ങളും ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള നിർമ്മാണം

66 (1314) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും പണിയാണ് ബി.ഒ.ടി.(ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ഓരോന്നിന്റെയും മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെയും പാലങ്ങളുടേയും പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; എന്നത്തേക്ക് ഇവയുടെ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(ഡി) നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് എത്ര റോഡുകളുടെയും പാലങ്ങളുടെയും പണി പൂർത്തീകരിച്ചിട്ടുണ്ട് ;

(ഇ) സംസ്ഥാനത്ത് പാലങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ,ബി&സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പണികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ഡി) 33 പാലങ്ങൾ. റോഡ് പണികൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ഇ) പുതുതായി രൂപീകരിച്ച റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ മുഖേന 12 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഉദ്ദേശ്യമുണ്ട്. കൂടാതെ നബാർഡിന്റെ ധനസഹായത്തോടെ ഏതാനും പാലങ്ങളുടെ പണികൾ ഏറ്റെടുത്തിട്ടുണ്ട്. കൂടുതൽ പാലങ്ങൾക്ക് ധനസഹായം കിട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly